# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2203 17.06.2014-ൽ മറുപടിയ്ക്ക്**

**ശ്രീ.കെ. കേളപ്പന് സ്മാരകം**

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.ദാസൻ

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | കേരള ഗാന്ധി ശ്രീ.കെ.കേളപ്പന് അദ്ദേഹത്തിന്റെ ജന്മനാട്ടിൽ സ്മാരകം പണിയണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട നിവേദനത്തിൽ ഗ്രാമവികസന വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിലേയ്ക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കാമോ; | സ്വാതന്ത്ര്യ സമരസേനാനി ശ്രീ.കെ. കേളപ്പന് ജന്മനാട്ടിൽ സ്മാരകം പണിയണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന നിവേദനം 2014-15 -ലെ ബഡ്ജറ്റ് പ്രസംഗം തയ്യാറാക്കുന്ന സമയത്ത് പരിശോധിക്കുകയും നിവേദനത്തിന്റെ പകർപ്പ് അഭിപ്രായത്തിനും അനന്തര നടപടികൾക്കുമായി പൊതു ഭരണ (പൊളിറ്റിക്കൽ) വകുപ്പിന് കൈമാറുകയും ചെയ്തിരുന്നു. പ്രസ്തുത സ്മാരകം നിർമ്മിക്കുന്ന കാര്യത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് നിവേദനം അയച്ചുകൊടുത്തിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | കേളപ്പജിക്ക് സ്മാരകം പണിയുന്നതിന് ഫണ്ട് വകയിരുത്തുമോ; വ്യക്തമാക്കാമോ? | സ്മാരകം പണിയുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഭരണ വകുപ്പ് പരിശോധിച്ച് പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫണ്ട് വകയിരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ